(ബി) ഈ സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്തിൽ എത്ര പുതിയ പ്രോജക്ടുകൾ അംഗീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ടിന്റെ കണക്ക് അനുസരിച്ചായിരിക്കണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത് എന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(ഡി) എങ്കിൽ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടുകൾ പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കുടിവെള്ളം, വീട് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതിന് പകരം സ്പിൽ ഓവർ പ്രവർത്തികൾക്കാണ് ഈ പ്രാവശ്യത്തെ ഫണ്ട് ചെലവഴിക്കുന്നത് എന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 1515.47 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പദ്ധതി വിഹിതത്തിനും മറ്റ് രീതിയിൽ സമാഹരിക്കുവാൻ കഴിയുന്ന തുകയ്ക്കും അനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ് എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് വിദഗ്ദ്ധ സമിതി പരിശോധിക്കുന്നതാണ്.

(ഇ) കുടിവെള്ളം, വീട് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതോടൊപ്പം തുടങ്ങിവച്ച പ്രവൃത്തികൾ പൂർത്തിയാക്കാനും നടപടി സ്വീകരിക്കണമെന്നാണ് നിർദ്ദേശം. പദ്ധതി വിഹിതത്തിന്റെ എന്തു മാത്രം തുക സ്പിൻ ഓവർ പ്രോജക്ടുകൾക്ക് മാറ്റിവച്ചിട്ടുണ്ട് എന്ന കാര്യം പരിശോധിച്ചിട്ടില്ല.

പഞ്ചായത്തുകൾക്ക് ഹോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്ന നടപടി

24(404) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഞ്ചായത്തുകൾക്ക് ഹോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിന് ഓരോ പഞ്ചായത്തിൽ നിന്നും ഒരു ലക്ഷം രൂപ വീതം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ; ഈ ഇനത്തിൽ ഗവൺമെന്റിന് ആകെ എത്ര ലക്ഷം രൂപ ലഭിച്ചു ; പണം ലഭിച്ചിട്ട് എത്ര മാസമായി മെഷീൻ നൽകുവാൻ നടപടി സ്വീകരിച്ചോ ; അതിൻ മേലുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ ; മെഷീൻ നൽകാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഫോട്ടോസ്റ്റാറ്റ് മെഷീൻ ആവശ്യമുള്ള 691 ഗ്രാമപഞ്ചായത്തുകൾ ഓരോ ലക്ഷം രൂപ വീതം പഞ്ചായത്ത് ഡയറക്ടറേയും, 88 ബ്ലോക്ക് പഞ്ചായത്തുകൾ ഓരോ ലക്ഷം രൂപ വീതം ഗ്രാമവികസന കമ്മീഷണറേയും ഏൽപ്പിച്ചിട്ടുണ്ട്. വിവിധ തീയതികളിലായാണ് തുക ലഭിച്ചിട്ടുള്ളത്. മെഷീനുകൾ വാങ്ങുന്നതിനായി പഞ്ചായത്ത് ഡയറക്ടർ ടെണ്ടർ ക്ഷണിക്കുകയും, 10 കമ്പനികളുടെ ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു. ഇവ സർക്കാർ വിശദമായി പരിശോധിക്കുകയും 10 കമ്പനികളും അവരവരുടെ മെഷീനുകളുടെ ഒരു ഡെമോൺസ്ട്രേഷൻ ടെക്നിക്കൽ കമ്മിറ്റി മുൻപാകെ നടത്തുകയുമുണ്ടായി. ഇത് സംബന്ധിച്ച് നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ലാത്തതിനാലാണ് മെഷീൻ നൽകാതിരിക്കുന്നത്.

ത്രിതല പഞ്ചായത്തുകൾക്ക് നീക്കിവച്ച തുക

25(405) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. പി . എ. മജീദ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളുടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് 1996 മാർച്ചിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ എന്തു തുക നീക്കിവച്ചിട്ടുണ്ടായിരുന്നു ;

(ബി) അതിനുശേഷം ഓരോ വർഷത്തിലും എന്തു തുകയാണ് നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) നീക്കിവച്ച തുകയിൽ നിന്ന് ഓരോ വർഷത്തിലും എത്ര ചെലവഴിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 14.300 ലക്ഷം രൂപ.

(ബി) 1996-നു ശേഷം ഓരോ വർഷവും ത്രിതല പഞ്ചായത്തുകൾക്ക് നീക്കിവച്ച തുക ചുവടെ ചേർക്കുന്നു.

വർഷം	തുക (കോടിയിൽ)
1997-98	653.13
1998-99	527.23
1999-2000	877.81
2000-2001	910.77

LIBRARY ARCHIVES Kerala Legislative Assembly